Dated : 08/05/ 2020

# “ലോക്-ഡൗൺ”- ക്രമവിരുദ്ധമായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിലുൾപ്പെടെ പോലീസ് പരിശോധന തുടരുന്നു.

കൊല്ലം : ലോക്-ഡൗൺ തുടരുന്ന പശ്ചാത്തലത്തിൽ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി പരിശോധനയിൽ ജാഗ്രത പുലർത്തി സിറ്റി പോലീസ്.സർക്കാർ ഏർപ്പെടുത്തിയ മാനദണ്ഡങ്ങളും നിർദേശങ്ങളും ലംഘിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികളാണ് പോലീസ് കൈക്കൊള്ളുന്നത്.നിർദേശം ലംഘിച്ച് മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 93 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങൾ പുറത്തിറക്കിയതിനും പൊതുസ്ഥലങ്ങളിൽ കൂട്ടം കൂടിയതിനും കൊല്ലം സിറ്റി പരിധിയിൽ 175 കേസുകൾ രജിസ്റ്റർ ചെയ്ത് 159 പേരെ അറസ്റ്റ് ചെയ്യുകയും 129 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.നിബന്ധനകൾക്ക് വിധേയമായി തുറന്നിട്ടുള്ള വ്യാപാര സ്ഥാപനങ്ങളിൽ ലോക്-ഡൗൺ നിർദേശങ്ങൾ പാലിച്ച് ശുചീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും ആളുകൾ കൂട്ടം കൂടുന്നത് ഒഴിവാക്കാൻ സാമൂഹ്യ അകലം പാലിക്കുന്ന രീതിയിൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തേണ്ടതും സർക്കാർ നൽകിയിട്ടുള്ള സമയ ക്രമം കൃത്യമായി പാലിക്കേണ്ടതുമാണ്. ലോക്-ഡൗൺ ഇളവുകൾ പ്രകാരം പ്രവർത്തിപ്പിക്കുവാൻ അനുവാദം നൽകിയിട്ടില്ലാത്ത വ്യാപാര സ്ഥാപങ്ങൾ യാതൊരു കാരണവശാലും തുറന്ന് പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്. ലോക്-ഡൗൺ കാലയളവിൽ ക്രമവിരുദ്ധമായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെയും അനാവശ്യമായി പുറത്തിറങ്ങുന്നവർക്കെതിരെയും തുടർന്നും കർശനമായ നിയമ നടപടികൾ സ്വീകരിക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.pass.bsafe.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിച്ചാൽ അടിയന്തിര അന്തർ ജില്ലാ യാത്രകൾക്ക് ആവശ്യമായ പാസുകൾ ഓൺലൈനിലൂടെ ലഭിക്കുന്നതാണ്.

കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ കളക്ട്രേറ്റിന്റെ പ്രധാന ഗേറ്റിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചതിന് ഡി.സി.സി പ്രസിഡന്റ് ഉൾപ്പെടെ 5 കോൺഗ്രസ്സ് പ്രവർത്ത

കരേയും അഞ്ചാലുമ്മൂട് ജംഗ്ഷനിൽ പ്രതിഷേധം സംഘടിപ്പിച്ച 5 എസ്.ഡി.പി.ഐ പ്രവർത്ത കരെയും ഓച്ചിറ ബസ് സ്റ്റാന്റിൽ പ്രതിഷേധ പരിപാടി നടത്തിയ 5 മഹിളാ മോർച്ച പ്രവർത്തക രേയും പോലീസ് അറസ്റ്റ് ചെയ്തു.കൊട്ടിയം പോലീസ് സ്റ്റേഷൻ പരിധിയിൽ മുഖത്തല സ്വദേ ശിയുടെ വക പോത്തുകളെ മോഷ്ടിച്ചതിന് കുറുമണ്ണ തോപ്പിൽ കോളനിയിൽ ശോഭാ മന്ദിര ത്തിൽ മണികണ്ഠൻ മകൻ മനു (19)നെ കൊട്ടിയം പോലീസ്നാട്ടുകാരുടെ സഹായത്തോടെ അറസ്റ്റ് ചെയ്തു.മോഷ്ടിച്ച പോത്തുകൾ ടിയാന്റെ വീട്ടിൽ കെട്ടിയിരുന്ന നിലയിൽ കണ്ടെത്തി.

സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊല്ലം വെസ്റ്റ് ജനമൈത്രി പോലീസ് ഒന്നര മാസമായി എല്ലാ ദിവസവും 25 നിർധന കുടുംബങ്ങൾക്ക് ഭക്ഷണപ്പൊതി വിതരണം ചെയ്തു വരുന്നു.